DESPATCHED
23/06/2020

11/03/2020.

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

**ഹർജി നമ്പർ AP. 2450(2)/2018, എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ 7447/എസ്.ഐ.സി-ജി 6/18)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.കെ.പ്രഭാകരൻ,
സ്വാശ്രയ, മട്ടാഞ്ചേരി,
കൊച്ചി – 682 002. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
ഫോർട്ട് കൊച്ചി സോണൽ ഓഫീസ്,
കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ.

2. അപ്പീൽ അധികാരി&
എക്സിക്യൂട്ടീവ് എഞ്ചിനീയർ – I,
കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 24.11.2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | – |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 16.01.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 07.02.2018 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 10.07.2018 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 17.07.2018 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 29.10.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. കെ.പ്രഭാകരൻ, 10.07.2018ന് സമർപ്പിച്ച അപ്പീൽ ഹർജി 17.07.2018ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.2450(2)/18/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷ സംബന്ധിച്ച ഫയൽ കാണാനില്ലെന്നും അഴിമതിയുള്ള ഫയലുകൾ നശിപ്പിച്ചു കളയുകയോ കാണാതെ മാറ്റി വയ്ക്കുകയാണ് ചെയ്യുന്നതെന്നും വിവരാവകാശ നിയമപ്രകാരം അപേക്ഷ നൽകിയാൽ മറുപടിയോ രേഖയോ നൽകാറില്ലെന്നും ആകയാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 24.11.2017ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, കൊച്ചി നഗരസഭ 11–ാം ഡിവിഷനിൽ പള്ളിച്ചാൽ തോടിന് കിഴക്ക് ഇടതുവശം തോടിന് അരിക് ചേർന്ന് നിർമ്മിച്ചു വരുന്ന ബഹുനില കെട്ടിട നിർമ്മാണത്തിന്റെ കറണ്ട് ഫയൽ രേഖയുടെ പകർപ്പ്, നോട്ട് ഫയലിന്റെ മൊത്തം പകർപ്പുകൾ, അറ്റാച്ച്മെന്റ് രേഖകൾ, എന്നിവയുടെ പകർപ്പുകളും നൽകണമെന്നുമാണ്. തുടർന്ന് 16.01.2018ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 07.02.2018ന് നൽകിയ മറുപടിയിൽ ടി ദിവസത്തെ അപ്പീൽ ഹിയറിംഗിന് ഹർജിക്കാരൻ ഹാജരായില്ലെന്നും 24.11.2017ന് ഫോർട്ടു കൊച്ചി മേഖലാ ഓഫീസിൽ നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭ്യമാകാത്തതിനാലാണ് അപ്പീൽ സമർപ്പിച്ചിട്ടുള്ളതെന്ന് ടിയാൻ അപ്പീൽ ഹർജിയിൽ വ്യക്തമാക്കിയിരിക്കുന്നുവെന്നും ടിയാന്റെ അപ്പീൽ പരിശോധിച്ചതിൽ ടിയാന് മറുപടി നൽകിയ ഫയൽ ഫോർട്ട് കൊച്ചി മേഖലാ ഓഫീസിൽ നിന്നും ഹാജരാക്കിയതായി കാണുന്നില്ലെന്നാണ്. ടി സാഹചര്യത്തിൽ ടിയാന്റെ അപ്പീൽ പരിഗണിച്ച് അപേക്ഷയ്ക്ക് കൃത്യമായ മറുപടി 15 ദിവസത്തിനകം സൗജന്യമായി നൽകുന്നതിനു ഫോർട്ടു കൊച്ചി മേഖല ഓഫീസ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെ

ടുത്തിക്കൊണ്ടും അപ്പീൽ ഹിയറിംഗിന് ഹാജരാകാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടും അപ്പീൽ തീർപ്പാക്കി ഉത്തരവായെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടില്ലെന്നു കമ്മീഷനു ബോധ്യമാകുന്നു. 23.07.2019ന് എറണാകുളം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വച്ചു നടന്ന ഹിയറിംഗിൽ ഹാജരാകാൻ നോട്ടീസ് നൽകിയിരുന്നെങ്കിലും ഒന്നാം എതിർകക്ഷി ഹാജരായിരുന്നില്ല. തുടർന്ന് 29.10.2019ന് കമ്മീഷൻ ആസ്ഥാനത്തു വച്ചു നടത്തിയ ഹിയറിംഗിൽ ഹാജരാകുന്നതനായി ഷോകാസ് നോട്ടീസ് നൽകിയിരുന്നു. ആയതു പ്രകാരം ടിയാൻ ഹാജരാകുകയും ഹർജിക്കാരന്റെ അപേക്ഷയുമായി ബന്ധപ്പെട്ട ഫയൽ കണ്ടെത്താൻ കഴിഞ്ഞില്ല എന്ന് കമ്മീഷനെ ബോധിപ്പിക്കുകയും ചെയ്തു. എന്നാൽ ബന്ധപ്പെട്ട ഫയൽ തെരഞ്ഞു കണ്ടുപിടിച്ച് 20 ദിവസത്തിനകം ഹർജിക്കാരന് മറുപടി നൽകണമെന്നും ആയതു സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കണമെന്നും കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകിയതു പ്രകാരം 19.11.2019ന് ടിയാൻ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യുന്ന FCPI & FCP2 ക്ലാർക്കുമാരേയും സൂപ്രണ്ടിനെയും പ്രസ്തുത അപേക്ഷകൾ കണ്ടെത്തി വിവരം നൽകുന്നതിനായി ചുമതലപ്പെടുത്തുകയും ആയത് ടി ഓഫീസിൽ തിരയുകയും കൊച്ചി കോർപ്പറേഷന്റെ വിവരാവകാശ സെല്ലിൽ (മെയിൻ ഓഫീസ്) ലഭിച്ചിട്ടുണ്ടോയെന്ന് അന്വേഷിക്കുകയും ടി രണ്ടു സ്ഥലത്തും ലഭ്യമല്ലെന്ന വിവരം ലഭിച്ചുവെന്നുമാണ്. തുടർന്ന് ടി ഓഫീസിൽ നിന്നും സ്പെഷ്യൽ മെസഞ്ചറിനെ കമ്മീഷൻ ഓഫീസിലയച്ച് പ്രസ്തുത അപേക്ഷകളുടെ പകർപ്പ് ലഭ്യമാക്കി തിരച്ചിൽ നടത്തിയതിൽ ടിയാന്റെ 15.01.2018ലെ അപേക്ഷ വിവരാവകാശ ഫയലുകളിൽ തിരച്ചിൽ നടത്തിയെങ്കിലും പ്രസ്തുത ഫയലുകൾ ഇപ്പോൾ ടി സെക്ഷനുകൾ കൈകാര്യം ചെയ്യുന്ന ക്ലാർക്കുമാർക്ക് ടി കാലഘട്ടത്തിലെ ക്ലാർക്കുമാർ ചാർജ്ജ് ഹാൻഡ് ഓവർ ചെയ്തിട്ടില്ലെന്ന വിവരമാണ് വീണ്ടും നൽകിയതെന്നും ആകയാൽ ഫയലുകളുടെ കസ്റ്റോഡിയന്മാരായ ക്ലർക്കുമാർക്ക് വിവരം നൽകാൻ സാധിച്ചിട്ടില്ലെന്നും ടി വിവരം ഹർജിക്കാരനേയും അറിയിച്ചിട്ടുണ്ടെന്നുമാണ്.

5. എന്നാൽ രേഖകൾ പരിശോധിച്ചതിലും മേൽപ്പടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഹർജിക്കാരന് നാളിതുവരെ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ

ലഭ്യമായതായി കമ്മീഷൻ കാണുന്നില്ല. ആയത് വിവരാവകാശ നിയമപ്രകാരം ഗുരുതരമായ വീഴ്ചയാണെന്നും ടി വീഴ്ച വരുത്തിയ പരാമർശിത കാലയള വിലെ ഒന്നാം എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരു മാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെ ങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തി നകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിത സമയ ത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരി ക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണ ത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

6. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 11–ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION • KERALA, THIRUVANANTHAPURAM •

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Gc/